പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത<br>നിയമസഭാ ചോദ്യം നമ്പർ 3861 | 21/06/2019 ൽ<br>മറുപടിക്ക് |

## പൊതുമേഖലാസ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി നൂതനപദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി. ഉണ്ണി<br>ശ്രീ.എ. എൻ. ഷംസീർ<br>ശ്രീ.ഐ.ബി. സതീഷ്<br>ശ്രീ.വി. കെ. സി. മമ്മത് കോയ | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| ചോദ്യം | | മറുപടി |
|---|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി ആവിഷ്കരിച്ചിട്ടുള്ള നൂതനപദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;<br><br>ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്നവ ഉൾപ്പെടെയുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ ഉല്പാദനസംവിധാനങ്ങളുടെയും സാങ്കേതികവിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണനസാധ്യതയുള്ള ഉല്പന്നങ്ങളുടെ വൈവിദ്ധ്യവത്കരണം, വിപുലീകരണം തുടങ്ങിയവയ്ക്കായി എന്തെല്ലാം നടപടികളാണ് | എ) ഉം ബി) ഉം | പൊതുമേഖലാ സ്ഥാപനങ്ങൾ വിപണിയിൽ നിന്നും നേരിടുന്ന മത്സരങ്ങളെ അതിജീവിക്കത്തക്ക വിധത്തിൽ സ്ഥാപനങ്ങളെ സജ്ജമാക്കുവാൻ വേണ്ടി ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉല്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം എന്നിവയ്ക്കായി വിവിധ നവീകരണ വിപുലീകരണ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കി വരുന്നു ണ്ട്.<br><br>പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓരോ മാസത്തേയും പ്രവർത്തനം റിയാബ് നേരിട്ട് വിലയിരുത്തുന്നുണ്ട്. കൂടാതെ സെക്ടർ തിരിച്ചും, എല്ലാ സ്ഥാപനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ടുമുള്ള പ്രത്യേക അവലോകന യോഗങ്ങൾ സർക്കാർ തലത്തിൽ നടത്തുകയും ചെയ്യുന്നു ണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും, സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കി ഇവയുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പു വരുത്തുന്നതിനായി കൃത്യമായ അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങളും നൽകിവരുന്നുണ്ട്.<br><br>ഇത്തരം അവലോകനത്തിന്റെ ഫലമായി പല പ്രശ്നങ്ങൾക്കും സമയോചിതമായി പരിഹാരം |

| | |
|---|---|
| സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ട്. അനുകരണീയമാക്കാവുന്ന മാനേജ്മെൻറ് നടപടി ക്രമങ്ങൾ മറ്റുള്ള സ്ഥാപ നങ്ങളിലേയ്ക്കും പകർന്നു നൽകുവാനും കഴിഞ്ഞിട്ടുണ്ട്. ഈ രീതിയിലുള്ള ഇടപെടലുകൾ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുന്നതിന് സഹായകമായിട്ടുണ്ട്.<br><br>സ്ഥാപനങ്ങളുടെ കാര്യക്ഷമത കൂട്ടുന്നതിൻെറ ഭാഗമായി നൂതന ഉൽപ്പാദന സൗകര്യങ്ങൾ ഒരുക്കുന്നതിനും നിലവിലെ ഉൽപ്പാദന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനുമായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾക്കായി ബഡ്ജറ്റിൽ നിന്നും കൂടുതൽ ധനസഹായവും സർക്കാർ അനുവദിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതമായി 123 കോടി രൂപ നൽകിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം പദ്ധതി വിഹിതം 270 കോടി രൂപയായി ഉയർത്തുകയും വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി ധനസഹായം നൽകുകയും ചെയ്തിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം അധിക ധനസഹായമായി 13 കോടിരൂപയും നൽകിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പദ്ധതികളുൾപ്പെടെയുള്ള ധനസഹായമായി ബഡ്ജറ്റിൽ 297.35 കോടിരൂപ വകയിരുത്തി സ്ഥാപനങ്ങളുടെ വിവിധ പദ്ധതികൾക്കായി നൽകിയിട്ടുണ്ട്. 2019-20ൽ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി 299.35 കോടിരൂപ വകയിരുത്തി അനുവദിച്ചിട്ടുണ്ട്.<br>പ്രധാനമായും കേരള മിനറൽസ് ആൻറ് മെറ്റൽസ് |

ലിമിറ്റഡിൽ ടൈറ്റാനിയം ഡയോക്സൈഡ് ഉൽപ്പാദന ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിൽ നിലവിലുള്ള പ്ലാൻറിൻെറ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും, കാലപ്പഴക്കം ചെന്ന വളരെ നിർണ്ണായകമായ മെഷിനറികൾ മാറ്റിവെയ്ക്കുന്നതിനുള്ള പദ്ധതിയും, മലബാർ സിമൻറ്സ് ലിമിറ്റഡിൽ ഉൽപ്പാദന ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി, കെ.എസ്.ഡി.പി യിൽ നോൺ ബീറ്റാലാക്ടം മരുന്നുകളുടെയും ഓഫ്താൽമിക് മരുന്നുകളുടെയും, ആശുപത്രികളിൽ ഉപയോഗിക്കുന്ന അനുബന്ധ സാധനങ്ങൾ എന്നിവ നിർമ്മാണത്തിനുള്ള പദ്ധതി, ടി.സി.സി യിൽ കാസ്റ്റിക് സോഡ ഉൽപാദനശേഷി ഉയർത്തുവാനുള്ള പദ്ധതി എന്നിവ സമയബന്ധിതമായി നടപ്പിലാക്കി വരുന്നു.

കേരള ഇലക്ട്രിക്കൽ ആൻറ് അലൈഡ് എൻജിനിയറിംഗ് കമ്പനി ലിമിറ്റഡിൽ വിവിധ യൂണിറ്റുകൾ നവീകരിക്കുന്നതിനുള്ള പദ്ധതി, ട്രാക്കോ കേബിൾ കമ്പനിയുടെ ഉൽപ്പാദന സൗകര്യങ്ങൾ നവീകരിക്കുന്നതിനുള്ള പദ്ധതി, യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് സ്മാർട്ട് എനർജി മീറ്ററുകൾ, വെഹിക്കിൾ ട്രാക്കിംഗ് സംവിധാനം നിർമ്മിക്കുന്നതിനുള്ള പദ്ധതി, കെൽട്രോൺ കമ്പോണൻറ് കോംപ്ലക്സിൽ കപ്പാസിറ്റർ നിർമ്മാണത്തിൻെറ വിപുലീകരണ പദ്ധതികൾ, കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിലെ ഇലക്ട്രിക് ത്രീവീലറുകൾ നിർമ്മിക്കുന്ന പദ്ധതിയും ISROയിൽ നിന്നും കൂടുതൽ ഓർഡറുകൾ ലഭ്യമാക്കുന്നതിനായി കമ്പനിയുടെ നിലവിലുള്ള മെഷീൻഷോപ്പിൻെറ നവീകരണ പദ്ധതി, ട്രാവൻകൂർ സിമൻറ്സ് ലിമിറ്റഡിൻെറ നിലവിലുള്ള പ്ലാൻറ് നവികരിക്കുന്നതിനുള്ള പദ്ധതി, ആട്ടോകാസ്റ്റ്

| | | | |
|---|---|---|---|
| | | | ലിമിറ്റഡിൽ റെയിൽവേ ബോഗി ഫ്രെയിം കാസ്റ്റിംഗിന് വേണ്ടിയുള്ള പദ്ധതി, കേരള സിറാമിക്സ് ലിമിറ്റഡ് ഖനനത്തിനാവശ്യമായ സ്ഥലം വാങ്ങുന്നതിനും, യന്ത്രസാമഗ്രികളുടെ നവീകരണത്തിനുമായുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കി വരുന്നുണ്ട്.<br><br>പൊതുമേഖലയിലും സഹകരണമേഖലയിലുമുള്ള ടെക്സ്റ്റൈൽ മില്ലുകളുടെ നവീകരണ പദ്ധതികൾ ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട പദ്ധതികൾ മുതലായവ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. സഹകരണമേഖലയിലുള്ള ടെക്സ്റ്റൈൽ മില്ലുകളിൽ NCDC സഹായത്തോടെ നവീകരണ പദ്ധതികൾ പുരോഗമിക്കുന്നു. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കോമളപുരം, ഹൈടെക് വീവിംഗ് മിൽസ് എന്നീ യൂണിറ്റുകളുടെ വിപുലീകരണ പദ്ധതികൾ പുരോഗമിക്കുന്നു. ഉദുമ യൂണിറ്റിൽ വാണിജ്യ അടിസ്ഥാനത്തിൽ ഉൽപാദനം ആരംഭിച്ചിട്ടുണ്ട്. |
| സി) | ഇപ്രകാരമുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജ്മെന്റ് സംവിധാനം<br>കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;<br>വ്യക്തമാക്കാമോ; | സി) | പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജ്മെന്റ് സംവിധാനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഡയറക്ടർ ബോർഡുകളിൽ വിവിധ മേഖലകളിൽ വൈദഗ്ദ്ധ്യമുള്ളവരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച വിശദമായ അവലോകനം ഡയറക്ടർ ബോർഡ് തലത്തിലും നടത്തുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരെ മാനേജിംഗ് ഡയറക്ടർമാരായി നിയമിക്കുന്നതിനുള്ള സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്.<br>സ്ഥാപനങ്ങളിലെ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ തലങ്ങളിലുള്ള |

| | | | |
|---|---|---|---|
| | | | ജീവനക്കാർക്ക് ആവശ്യമായ പരിശീലനപരിപാടികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. |
| ഡി) | ലാഭത്തിൽ പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെപോലും സ്വകാര്യവത്കരിക്കുന്ന നയം കേന്ദ്രസർക്കാർ പിന്തുടരുമ്പോൾ അവയെ പൊതുമേഖലയിൽ തന്നെ നിലനിർത്തി കൂടുതൽ ലാഭത്തിലാക്കുവാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ? | ഡി) | കേന്ദ്രസർക്കാർ സ്വകാര്യവത്ക്കരിക്കുന്നതിനായി തീരുമാനിച്ച കേരളത്തിൽ പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ *ഇൻസ്ട്രുമെൻേറഷൻ ലിമിറ്റഡ്, പാലക്കാട്,* ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ്, കാസർഗോഡ് എന്നീ സ്ഥാപനങ്ങളെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു ണ്ട്. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവത്ക്കരിക്കുന്നതിനായുള്ള കേന്ദ്ര സർക്കർ തീരുമാനത്തിൻെറ അടിസ്ഥാനത്തിൽ മേൽപറഞ്ഞ സ്ഥാപനങ്ങൾ കൂടാതെ *ഹിന്ദുസ്ഥാൻ ന്യൂസ്പ്രിൻറ് ലിമിറ്റഡ് [എച്ച്.എൻ.എൽ],* എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളെയും കേന്ദ്ര സർക്കാരിൻെറ അന്തിമതീരുമാനത്തിന് വിധേയമായി പൊതുമേഖലയിൽ തന്നെ നിലനിർത്തി സംരക്ഷിക്കുന്നതിനുള്ള വിവിധ സാധ്യതകൾ പരിശോധിച്ചുവരുന്നു ണ്ട്. |

സെക്ഷൻ ഓഫീസർ